


കുടുംബശ്രീ **വിശേഷങ്ങൾ**

**എസ്. ഹരികിഷോർ ഐഎഎസ്**
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)


**കുടുംബശ്രീയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ അറിഞ്ഞിരിക്കേണ്ടതെല്ലാം ഈ പംക്തിയിലുണ്ട്. ഇക്കാര്യം കുടുംബശ്രീ അംഗങ്ങളായ ബന്ധുമിത്രാദികളോട് ഇന്നുതന്നെ പറയുക**



# സ്വയം തൊഴിൽ സംരംഭങ്ങൾ യാഥാർഥ്യമാകുന്നു

കുടുംബശ്രീ 'മൈക്രോ സംരംഭങ്ങളുടെ വർഷ'മായി 2017-18 ആചരിക്കാൻ തീരുമാനമെടുത്ത കാര്യം നേരത്തേ ഈ കോളത്തിൽ പറഞ്ഞിരുന്നല്ലോ.

'ജീവനം' എന്നു പേരിട്ട ഈ ക്യാംപെയിൻ യാഥാർഥ്യമാകുന്നതിന് ഒക്ടോബർ മാസത്തിൽ തുടക്കം കുറിക്കുകയാണ്. മൂവായിരത്തോളം പുതിയ സംരംഭങ്ങൾ തുടങ്ങണമെന്നും ഓരോ പഞ്ചായത്തിലും ചുരുങ്ങിയത് ഒരു വ്യക്തിഗത സംരംഭവും ഒരു ഗ്രൂപ്പ് സംരംഭവും പുതുതായി ഉണ്ടാക്കണമെന്നുമുള്ളതാണല്ലോ 'ജീവനം' ക്യാംപെയിനിന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യത്തിലേക്കുള്ള യാത്ര സുപ്രധാന ചുവടുവയ്പിലേക്ക് ഒക്ടോബറിൽ നീങ്ങുകയാണ്.

കുടുംബശ്രീ അംഗങ്ങളിൽ സംരംഭം തുടങ്ങാൻ താൽപര്യമുള്ളവർക്ക് രണ്ടു തലത്തിലാണ് പ്രാരംഭ ദിശാബോധം നൽകുന്ന പ്രക്രിയ (ജനറൽ ഓറിയന്റേഷൻ ട്രെയ്നിങ്) നടത്തിയത്.

ആദ്യഘട്ടമായി എല്ലാ ബ്ലോക്ക് തലത്തിലും (ചില ജില്ലകളിൽ ആളുകളുടെ എണ്ണമനുസരിച്ച് പഞ്ചായത്തിലും) ബോധവൽക്കരണ ശിൽപശാല നടത്തി. തുടർന്നു ബോധവൽക്കരണ ശിൽപശാലയിൽ പങ്കെടുത്തവരിൽ സംരംഭം തുടരാൻ വേണ്ടി ദൃഢനിശ്ചയത്തോടെ വന്നവർക്കായി ജില്ലാതലത്തിൽ രണ്ടാംഘട്ട ഓറിയന്റേഷൻ നടത്തി. സന്തോഷത്തോടെ പറയട്ടെ, 19,929 പേരാണു രണ്ടാംഘട്ടത്തിൽ പങ്കെടുത്തു സംരംഭകരായി മാറാൻ മുന്നോട്ടുവന്നത്! 3000ത്തിൽ അധികം സംരംഭം (വ്യക്തിഗതവും, ഗ്രൂപ്പും) തുടങ്ങാൻ ലക്ഷ്യമിട്ടതു കുറഞ്ഞുപോയെന്നു വ്യക്തം!

ബോധവൽക്കരണ ശിൽപശാലയ്ക്കു ശേഷം സ്കിൽ ട്രെയ്നിങ് (വൈദഗ്ധ്യ പരിശീലനം) നൽകുന്നതിലൂടെ പരിശീലന പ്രക്രിയ പൂർത്തിയായി സംരംഭം തുടങ്ങാൻ വേണ്ട അറിവു ലഭിക്കുകയാണ്. സ്കിൽ ട്രെയ്നിങ് താൽപര്യത്തിനനുസരിച്ച് ഓരോ സംരംഭകനും തിരഞ്ഞെടുക്കാൻ വേണ്ടി നൂറിലധികം മേഖലകൾ ചൂണ്ടിക്കാട്ടിയാണ് ഏജൻസികളിൽ നിന്നു താൽപര്യപത്രം ക്ഷണിച്ചത്. കേറ്ററിങ്, ടെയ്‌ലറിങ്, ബ്യൂട്ടീഷൻ, ഹെയർ സ്പെഷലിസ്റ്റ്, ഹോംനഴ്സിങ്, ഡേറ്റാ എൻട്രി ആൻഡ് കംപ്യൂട്ടർ ഓപ്പറേഷൻ, പെയിന്റിങ്, മേസൺ വർക്ക്, മെഡിക്കൽ ലാബ്, ഡ്രൈവിങ്, ബ്യൂട്ടി തെറപ്പിസ്റ്റ്, ജ്വല്ലറി ട്രെയ്നിങ്, പ്ലംബിങ്, ഗാർഡനിങ്, ഫാഷൻ ഡിസൈൻ തുടങ്ങി അനവധി മേഖലകളിൽ പരിശീലനം നൽകാൻ വേണ്ടി എല്ലാ ജില്ലകളിലുമായി 252 ഏജൻസികളെ എംപാനൽ ചെയ്തുകഴിഞ്ഞു. കുടുംബശ്രീ നടത്തുന്ന മറ്റു പരിശീലന പദ്ധതികളായ ഡിഡിയു, ജികെവൈ, എൻയുഎൻ എന്നിവയിൽ എംപാനൽ ചെയ്ത നൂറിലധികം ഏജൻസികളെ നേരിട്ട് എംപാനൽ ചെയ്തിട്ടുമുണ്ട്. സർക്കാർ പരിശീലന സ്ഥാപനങ്ങൾക്കും നേരിട്ട് എംപാനൽമെന്റ് നൽകാൻ തീരുമാനിച്ചതിനാൽ താൽപര്യമുള്ള എല്ലാവർക്കും മികച്ച പരിശീലനം സാധ്യമാക്കാൻ വേണ്ട ഏജൻസികളും തയാറായി എന്നും പറയാൻ സാധിക്കും.

രണ്ടാഴ്ചക്കാലം ദൈർഘ്യമുള്ള കോഴ്സുകൾ മുതൽ മൂന്നുമാസം ദൈർഘ്യമുള്ള കോഴ്സുകൾവരെ സ്കിൽ പരിശീലനത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഓരോ മേഖലയിലും നൈപുണ്യം നേടാനും, ബിസിനസ്സിന്റെ ബാലപാഠങ്ങൾ മനസ്സിലാക്കാനും, ധനകാര്യ മാനേജ്മെന്റ് പഠിക്കാനുമൊക്കെയുള്ള മൊഡ്യൂളുകൾ പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വന്തം ജില്ലയിൽ പറ്റുമെങ്കിൽ ബ്ലോക്ക് ആസ്ഥാനത്തുതന്നെ പരിശീലനം നൽകാൻ വേണ്ടിയാണ് ആലോചിക്കുന്നതെങ്കിലും ഏജൻസികൾ എല്ലാ ബ്ലോക്കിലും ഇല്ലാത്തതിനാൽ ഒരുപക്ഷേ, ഇതു സാധ്യമായെന്നു വരില്ല. എങ്കിലും തികച്ചും സൗജന്യമായി മികച്ച അറിവും പ്രായോഗികജ്ഞാനവും നൽകാൻ വേണ്ട തലത്തിൽ പരിശീലനം ആസൂത്രണം ചെയ്തുകഴിഞ്ഞു.

ഡിസംബർ മുതൽ നൂതന സംരംഭങ്ങൾ ഉണ്ടാകുമെന്നാണു കണക്കുകൂട്ടൽ. ഓരോ മേഖലയിലും തൽപരരായി മുന്നോട്ടുവന്ന പരിശീലനാർഥികളുടെ എണ്ണമനുസരിച്ചു ബാച്ചുകളായാണു പരിശീലനം നടത്തുക. പരിശീലനം കഴിഞ്ഞാൽ ആവശ്യമെങ്കിൽ ബാങ്ക് ലിങ്കേജ് ഉടനെ ശരിയാക്കി നൽകാനും ലോൺ സാധ്യമാക്കി സ്ഥാപനം പെട്ടെന്നു തുടങ്ങാനും വേണ്ട കൈത്താങ്ങ് കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് കൺസൽറ്റന്റുമാർ വഴി നൽകുന്നതാണ്. സ്ഥാപനങ്ങളുടെ പുരോഗതി അളക്കാനും പദ്ധതി തയാറാക്കി വരുന്നു.

സ്വയം തൊഴിൽ പരിശീലന പദ്ധതിയെക്കുറിച്ച് ഇതുവരെ അറിയാത്തവരും ആദ്യഘട്ടത്തിൽ നടത്തിയ ബോധവൽക്കരണ ശിൽപശാലയിൽ പങ്കെടുക്കാൻ സാധിക്കാത്തവരും ആശങ്കപ്പെടേണ്ടതില്ല. നിങ്ങളുടെ അവസരം ഒരിക്കലും നഷ്ടമായിട്ടില്ല. ഈ കാര്യങ്ങൾ ഒരു തുടർ പ്രക്രിയയായിട്ടാണു കുടുംബശ്രീ കാണുന്നത്.

സംരംഭം തുടങ്ങാൻ മുന്നോട്ടു വരുന്നവർ ഇനിയുമുണ്ടെങ്കിൽ അവരെയെല്ലാം ഉൾപ്പെടുത്തി ഓറിയന്റേഷൻ ഇനിയും നൽകും. അതിൽ വിദഗ്ധപരിശീലനം നേടി സ്ഥാപനം/സംരംഭം തുടങ്ങാൻ ആഗ്രഹിച്ചുവരുന്നവർക്കെല്ലാം വിദഗ്ധപരിശീലനവും നൽകും. അതിനാൽ താൽപര്യമുള്ളവർ മുന്നോട്ടുവരാൻ ഒരിക്കൽ ക്കൂടി അഭ്യർഥിക്കുകയാണ്.

## കാർട്ടൂൺ കോർണർ

